തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# നിർവാഹകസമിതി

## അമ്പത്തിയൊന്നാമത് യോഗതീരുമാനങ്ങൾ

**അക്ഷരം കാമ്പസ്, തിരൂർ**
**2021 ജൂലൈ 27 ചൊവ്വ, രാവിലെ 10.45 ന്**
**(ഗൂഗിൾമീറ്റ് വീഡിയോ കോൺഫറൻസ് വഴി)**

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ ഫെറോൾഡ് സേവ്യർ (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
3. ശ്രീ വിജയകുമാർ ആർ. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്)
4. ഡോ. സി. രാജേന്ദ്രൻ
5. ഡോ. വി. ലിസ്സി മാത്യു
6. ശ്രീമതി എ.ജി. ഒലീന
7. ശ്രീ കെ.പി. രാമനുണ്ണി
8. ഡോ. എം.വി. പത്മനാഭൻ
9. ഡോ. കെ.കെ.എൻ. കുറുപ്പ്

ഡോ. റെജിമോൻ പി.എം. (രജിസ്ട്രാർ ഇൻ ചാർജ്) യോഗത്തിൽ സന്നിഹിതനായിരുന്നു.

**തീരുമാനങ്ങൾ**

ഇനം നമ്പർ: **2021.33**

വിഷയം: നിർവാഹകസമിതിയുടെ 50-ാമത് യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച്

തീരുമാനം: നിർവാഹകസമിതിയുടെ 50-ാമത് യോഗതീരുമാനങ്ങൾ സ്ഥിരീകരിച്ചു.

ഇനം നമ്പർ: **2021.34**

വിഷയം: **മുൻതീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ**

തീരുമാനം: അംഗീകരിച്ചു.

ഇനം നമ്പർ: **2021.35**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: അംഗീകരിച്ചു.

ഇനം നമ്പർ: **2021.36**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ഓർഡിനൻസുകൾ -2021 അംഗീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: താഴെപ്പറയുന്ന ഭേദഗതികളോടുകൂടി തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല 'ഓർഡിനൻസുകൾ 2021' അംഗീകരിച്ച് പൊതുസഭയിൽ അവതരിപ്പിക്കുവാൻ തീരുമാനിച്ചു. ഇതിന് 2021 ജൂലൈ 30 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

1. അദ്ധ്യായം III, ക്രമനമ്പർ 4 (4) (i) (പേജ് 5)- അദ്ധ്യാപകർ മറ്റുള്ളവരോട് അന്തസ്സോടും ബഹുമാനത്തോടുംകൂടി പെരുമാറണം; എന്ന് ഭേദഗതി ചെയ്തു.
2. അദ്ധ്യായം V, ക്രമനമ്പർ 11 (പേജ് 22) - 'കാലകാലത്തുള്ള' എന്നത് തിരുത്തി 'കാലാകാലത്തുള്ള' എന്നാക്കി.
3. അദ്ധ്യായം VI, (പേജ് 25) - പിഎച്ച്.ഡി. കോഴ്സുകൾ എന്ന തലക്കെട്ടിന് താഴെ കൊടുത്തിട്ടുള്ള 30-ാമത്തെ ഇനം, ഗൈഡ്ഷിപ്പിനുള്ള അപേക്ഷാഫീസ് ഒഴിവാക്കണം.

(വിസി കാര്യാലയം - നമ്പർ: 316/2017/വി.സി.)

ഇനം നമ്പർ: **2021.37**

വിഷയം: **എഴുത്തച്ഛൻപഠനസ്കൂളിൽ അഡ്ജങ്ക്റ്റ് ഫാക്കൽറ്റിയെ നിയമിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2013 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലാ നിയമത്തിനും യു.ജിസി.യുടെയും ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റേയും മാർഗ്ഗനിർദ്ദേശങ്ങൾക്കുമനുസരിച്ച് രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച് ഡോ. ഇ.വി. ഫാത്തിമയെ എഴുത്തച്ഛൻ പഠനസ്കൂളിലെ ആയോജിത ഫാക്കൽറ്റി (അഡ്ജങ്ക്റ്റ്ഫാക്കൽറ്റി) യായി ഒരുവർഷ കാലാവധിയിലേക്ക് നിയമിക്കുവാൻ തീരുമാനിച്ചു. മറ്റ് പഠനസ്കൂളുകളിലെ അഡ്ജങ്ക്റ്റ് ഫാക്കൽറ്റികൾക്കു നൽകുന്ന നിരക്കിൽ 30,000 രൂപ പ്രതിമാസം സഞ്ചിതവേതനമായി ഡോ. ഇ.വി. ഫാത്തിമക്ക് നൽകുവാനും തീരുമാനിച്ചു.

(ഭരണവിഭാഗം - 2052/അഡ്ജങ്റ്റ് ഫാക്കൽറ്റി/2018/വി.സി.)

ഇനം നമ്പർ: **2021.38**

വിഷയം: **2019-20 ലെ വാർഷിക റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2019-20 ലെ വാർഷിക റിപ്പോർട്ട് അംഗീകരിച്ചു. പൊതുസഭയുടെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി അവതരിപ്പിക്കാൻ തീരുമാനിച്ചു.

(പ്രസിദ്ധീകരണവിഭാഗം - 191/2019/പ്രസിദ്ധീകരണം)

ഇനം നമ്പർ: **2021.39**

വിഷയം: **സർവകലാശാലയിലെ പൈതൃകമ്യൂസിയം, സംസ്കാരപൈതൃകപഠന സ്കൂളിന്റെ ഭാഗമായോ സർവകലാശാലയിലെതന്നെ പുതിയൊരു പഠനസ്കൂളായോ നിലനിർത്തുന്ന വിഷയം പഠിച്ച് ഡോ. കെ.കെ.എൻ കുറുപ്പ് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ രൂപരേഖയും നിർവാഹകസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.**

തീരുമാനം: ഡോ. കെ.കെ.എൻ. കുറുപ്പ് സമർപ്പിച്ച പൈതൃകമ്യൂസിയം സംബന്ധിച്ച റിപ്പോർട്ട് യോഗം അംഗീകരിച്ചു. അധിക സാമ്പത്തിക ബാധ്യത കൂടാതെ പൈതൃകമ്യൂസിയത്തെ സ്വതന്ത്രസ്ഥാപനമായി മാറ്റുവാനും അതിന്റെ കീഴിൽ മ്യൂസിയോളജി ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുവാനും തീരുമാനിച്ചു. പൈതൃക മ്യൂസിയത്തിന്റെ രൂപവത്കരണവും നടത്തിപ്പും മറ്റും സംബന്ധിച്ച വിശദമായ രൂപരേഖ തയ്യാറാക്കുവാൻ ഡോ. കെ.കെ.എൻ. കുറുപ്പ് കൺവീനറായി ഡോ. എം.വി. പത്മനാഭൻ, ശ്രീമതി എ.ജി. ഒലീന, ശ്രീ കെ.പി. രാമനുണ്ണി എന്നീ നിർവാഹക സമിതി അംഗങ്ങളുമടങ്ങുന്ന ഒരു സമിതി രൂപീകരിച്ചു.

(ഭരണവിഭാഗം - 316/2019/എ1/അഡ്മിൻ)

ഇനം നമ്പർ: **2021.40**

വിഷയം: **പൊതുസഭയുടെ തീരുമാനപ്രകാരം തയ്യാറാക്കിയിട്ടുള്ള വൈജ്ഞാനികഭാഷ സംബന്ധിച്ചുള്ള ദർശനരേഖ നിർവാഹകസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.**

തീരുമാനം: മലയാളത്തെ വൈജ്ഞാനികഭാഷയാക്കുന്നതിനും അതിന്റെ നോഡൽ കേന്ദ്രമായി മലയാളസർവകലാശാല പ്രവർത്തിക്കുന്നതിനുമായി തയ്യാറാക്കിയ ദർശനരൂപരേഖ യോഗം അംഗീകരിച്ചു. മൂർത്തമായ ദർശനരൂപരേഖ തയ്യാറാക്കിയ കമ്മിറ്റിയെ യോഗം അഭിനന്ദിക്കുകയും ചെയ്തു. ഇത് ബഹു. മുഖ്യമന്ത്രിക്കും ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിക്കും ധനകാര്യമന്ത്രിക്കും കായിക വകുപ്പ് മന്ത്രിക്കും സമർപ്പിക്കുവാനും അതിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ സർക്കാറിന്റെ അനുമതിയോടും സാമ്പത്തിക സഹായത്തോടും കൂടി നടപ്പിൽ വരുത്തുവാനും തീരുമാനിച്ചു.

(വിസി കാര്യാലയം - 1553/വൈ.ഭ./2021/വി.സി.)

ഇനം നമ്പർ: **2021.41**

വിഷയം: **സർവകലാശാലയിലെ കലാഫാക്കൽറ്റിക്ക് കീഴിൽ അവതരണ കലാപഠന സ്കൂൾ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങളടങ്ങിയ റിപ്പോർട്ട് നിർവാഹകസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.**

തീരുമാനം: കലാഫാക്കൽറ്റിയുടെ കീഴിൽ അവതരണകലാപഠന സ്കൂൾ ആരംഭിക്കുന്നതിനായി സമർപ്പിച്ച റിപ്പോർട്ടിലെ 15 ഇന നിർദ്ദേശങ്ങളിൽ 9-ാമത്തെ ഇനമായ 'കലാവസ്തുകളുടേതു മാത്രമായ ഒരു മ്യൂസിയം' ഒഴികെയുള്ള നിർദ്ദേശങ്ങളെല്ലാം യോഗം അംഗീകരിച്ചു. കലാഫാക്കൽറ്റിക്കു കീഴിൽ അവതരണകലാപഠനസ്കൂളിൽ ആരംഭിക്കുന്ന നിർദ്ദിഷ്ട ഡിപ്ലോമ കോഴ്സ്

പൈതൃകമ്യൂസിയവുമായി ബന്ധപ്പെടുത്തി വിദ്യാർത്ഥികൾക്കും അക്കാദമികസമൂഹത്തിനും പൊതുസമൂഹത്തിനും ഉപയുക്തമാക്കുന്ന വിധത്തിൽ നടപ്പിലാക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ ബന്ധപ്പെട്ട അക്കാദമികസമിതികൾ ചർച്ച ചെയ്ത് എടുക്കേണ്ടതാണ്.

(ഭരണവിഭാഗം - 2862/എ1/അക്കാദമികം)

ഇനം നമ്പർ: **2021.42**

വിഷയം: **ശുചീകരണം / പാചക / തോട്ട / മേട്രൺ ജോലിക്ക് ദിവസവേതന കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിനായി അഭിമുഖം നടത്തി തയ്യാറാക്കിയ പാനൽ നിർവാഹകസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ശുചീകരണം / പാചക / തോട്ട / മേട്രൺ ജോലിക്ക് വേണ്ടി നടത്തിയ അഭിമുഖത്തിന്റെ അടിസ്ഥാനത്തിലുള്ള പാനലുകൾ നിർവാഹകസഭയുടെ അടുത്ത യോഗത്തിൽ അവതരിപ്പിക്കണമെന്ന് തീരുമാനിച്ചു.

(ഭരണവിഭാഗം - നമ്പർ 171/എ2/2020/അഡ്മിൻ)

ഇനം നമ്പർ: **2021.43**

വിഷയം: **വൈസ് ചാൻസലറുടെ ഔദ്യോഗിക വസതിയായി ഉപയോഗിക്കുന്ന വീടിന്റെ അറ്റകുറ്റപണികൾ നിർവഹിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: വൈസ് ചാൻസലറുടെ ഔദ്യോഗിക വസതിയുടെ അറ്റകുറ്റപണിയുടെ ഭാഗമായ പെയിന്റിങ് ജോലി നിർവഹിക്കുന്നതിന് യോഗം അംഗീകാരം നൽകുകയും അതിനു പ്രതീക്ഷിക്കുന്ന 55,000/- (അമ്പത്തിയയ്യായിരം മാത്രം) രൂപ സർവകലാശാലയുടെ ഫണ്ടിൽ നിന്നും ചെലവഴിക്കാനും തീരുമാനിച്ചു.

(ഭരണവിഭാഗം - 365/എ2/2021/അഡ്മിൻ)

ഇനം നമ്പർ: **2021.44**

വിഷയം: **17.06.2021 ലെ സ.ഉ. (സാധാ) നമ്പർ. 800/2021 ഉ.വി.വ എന്ന സർക്കാർ ഉത്തരവ് സർവകലാശാലയ്ക്ക് ബാധകമാക്കിയ വൈസ് ചാൻസലറുടെ നടപടിയുടെ സാധൂകരണം**

തീരുമാനം: സാധൂകരിച്ചു.

(ഭരണവിഭാഗം - 1800/2018/അഡ്മിൻ)

ഇനം നമ്പർ: **2021.45**

വിഷയം: **പിഎച്ച്.ഡി. ഗവേഷകരുടെ (2019 പ്രവേശനം) സർവകലാശാല ഫെല്ലോഷിപ്പ് തുക വർദ്ധിപ്പിച്ചു നൽകിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

തീരുമാനം: സാധൂകരിച്ചു.

(ഭരണവിഭാഗം - 115/പിഎച്ച്.ഡി./എ4/2020)

ഇനം നമ്പർ: **2021.46**

വിഷയം: **മലയാളസർവകലാശാലയിലെ വിവിധ സ്കൂളുകളിൽ ഡയറക്ടർമാരെ നിയമിക്കുന്നത്-സംബന്ധിച്ച്.**

തീരുമാനം: സ്കൂൾ ഡയറക്ടർ / വകുപ്പു മേധാവി പദവിയിൽ 2 വർഷം കാലാവധി പൂർത്തിയാക്കിയ തദ്ദേശപഠനസ്കൂൾ, സോഷ്യോളജി സ്കൂൾ, എഴുത്തച്ഛൻ പഠനസ്കൂൾ എന്നിവിടങ്ങളിൽ യഥാക്രമം ഡോ. എം.ജി. മല്ലിക, ഡോ. സുന്ദർ രാജ് (അസോസിയേറ്റ് പ്രൊഫസർമാർ) ഡോ. കെ.എം. അനിൽ (പ്രൊഫസർ) എന്നിവരെ അതത് സ്കൂളുകളിൽ ഡയറക്ടർമാരായി നിയമിക്കുവാൻ തീരുമാനിച്ചു. മാധ്യമപഠനസ്കൂൾ, ചലച്ചിത്രപഠന സ്കൂൾ ചരിത്രപഠന സ്കൂൾ, പരിസ്ഥിതിപഠന സ്കൂൾ എന്നിവിടങ്ങളിൽ പ്രൊഫസർ/ അസോസിയേറ്റ് പ്രൊഫസർമാരുടെ നിയമനം നടക്കുന്നതുവരെ തൽസ്ഥിതി തുടരുവാനും തീരുമാനിച്ചു.

(ഭരണവിഭാഗം - 444/2021/എ.എ.ഒ )

ഇനം നമ്പർ: **2021.47**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ടിലെ ഫോറം 2 ൽ ഉദ്യോഗസ്ഥരുടെ സ്ഥാനപേര് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്**

തീരുമാനം: ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച് നിർദ്ദേശ പ്രകാരം മലയാളസർവകലാശാല ഒന്നാം സ്റ്റാറ്റ്യൂട്ടുകളുടെ ഭാഗമായി 82-ാമത്തെ പേജായി നൽകിയിട്ടുള്ള എം.ഫിൽ / പ്രൊവിഷണൽ /റാങ്ക് സർട്ടിഫിക്കറ്റിനുള്ള അപേക്ഷാ ഫോറം 2 ൽ 'ഒപ്പ്' എന്ന് രേഖപ്പെടുത്തിയതിനു താഴെ 'അസിസ്റ്റന്റ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ' എന്ന് കൂടി ചേർത്ത് അത് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തിനു വേണ്ടി അയച്ച് കൊടുക്കുവാൻ തീരുമാനിച്ചു.

(വിസി കാര്യാലയം - 2231/സ്റ്റാറ്റ്യൂട്ട്സ്/2018/വി.സി.)

ഇനം നമ്പർ: **2021.48**

വിഷയം: **വിദ്യാർത്ഥികൾക്ക് ബിരുദമോ ഡിപ്ലോമയോ നൽകുന്നതിനു മുമ്പായി സ്ത്രീധനസമ്പ്രദായത്തിനെതിരെ സത്യപ്രസ്താവന എഴുതി വാങ്ങിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: വിദ്യാർത്ഥികൾക്ക് ഡിപ്ലോമ / ബിരുദ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുമുമ്പായി സ്ത്രീധനം വാങ്ങുകയോ കൊടുക്കുകയോ ചെയ്യില്ലയെന്ന സത്യപ്രസ്താവന എഴുതി വാങ്ങണമെന്നുള്ള ബഹു. ചാൻസലറുടെ നിർദ്ദേശം സംബന്ധിച്ച് സർവകലാശാലാ സ്റ്റാൻഡിങ് കൗൺസലിന്റെ നിയമോപദേശം തേടണമെന്ന് തീരുമാനിച്ചു. അതോടൊപ്പം, സ്ത്രീധന നിരോധനം / ഗാർഹിക പീഡനം എന്നീ വിഷയത്തെ സംബന്ധിച്ച് വിപുലമായ പങ്കാളിത്തത്തോടുകൂടി ബോധവത്കരണ സെമിനാറുകളും മറ്റും സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

(പരീക്ഷാവിഭാഗം - 1220/2019/പ. വി.)

ഇനം നമ്പർ: **2021.49**

വിഷയം: **പിഎച്ച്.ഡി. ബിരുദം പൂർത്തിയാക്കിയ അർച്ചന സി.എ.ക്ക് ബിരുദം നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: ഡോ. ആർ. രാജീവ് മോഹന്റെ മാർഗദർശനത്തിൽ 'സർവശിക്ഷാ അഭിയാന്റെ ആശയവിനിമയ പ്രക്രിയയിൽ വിവരവിനിമയ സാങ്കേതികവിദ്യയുടെ പരിണിതഫലം' എന്ന വിഷയത്തിൽ ഗവേഷണ പ്രബന്ധം സമർപ്പിച്ച അർച്ചന സി.എ. ക്ക് പരീക്ഷാബോർഡിന്റെ ശുപാർശ പ്രകാരം മാധ്യമ ഫാക്കൽറ്റിയിൽ ഗവേഷണബിരുദം നൽകാൻ തീരുമാനിച്ചു.

**ചർച്ചയിൽ ഉടലെടുത്ത ഇനങ്ങൾ:**

ഇനം നമ്പർ: **2021.50**

വിഷയം: **ഡിലിറ്റ് ബിരുദം നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: പ്രൊഫ. എം.കെ. സാനു, ഡോ. എം. ലീലാവതി, ശ്രീ സദനം കൃഷ്ണൻകുട്ടി, ആർട്ടിസ്റ്റ് നമ്പൂതിരി, എന്നിവർ അതാത് മേഖലകളിൽ നൽകിയിട്ടുള്ള സമഗ്രസംഭാവനകൾ കണക്കിലെടുത്ത് അവരോടുള്ള ആദരസൂചകമായി ഡി.ലിറ്റ് ബിരുദം നൽകാൻ തീരുമാനിക്കുകയും ഇക്കാര്യം ജനറൽ കൗൺസിലിന്റെ പരിഗണനയ്ക്കായി അവതരിപ്പിക്കുവാനും തീരുമാനിച്ചു.

ഇനം നമ്പർ: **2021.51**

വിഷയം: **എഴുത്തച്ഛന്റെ ഛായാചിത്രം സർവകലാശാലയിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: എഴുത്തച്ഛന്റെ ഛായാചിത്രം വരയ്ക്കുവാൻ ആർട്ടിസ്റ്റ് നമ്പൂതിരിയോട് അഭ്യർത്ഥിക്കുവാനും അതിന് അദ്ദേഹത്തിന് ഉചിതമായ പ്രതിഫലം നിശ്ചയിച്ചു നൽകുവാനും യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

ഇനം നമ്പർ: **2021.52**

വിഷയം: **എഴുത്തച്ഛൻ പഠനസ്കൂളിന്റെ കീഴിൽ വിവിധ കേന്ദ്രങ്ങൾ സ്ഥാപിച്ച് കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: എഴുത്തച്ഛൻ പഠന സ്കൂളിന്റെ വിപുലീകരണം സംബന്ധിച്ച് ഡയറക്ടർ കെ.എം. അനിൽ സമർപ്പിച്ച റിപ്പോർട്ട് **(അനുബന്ധം - 1 എ)** പരിഗണിച്ച് അത് യോഗം അംഗീകരിച്ചു. എഴുത്തച്ഛൻ പഠനസ്കൂളിന്റെ വിപുലീകരണത്തിന്റെ ഭാഗമായി (1) എഴുത്തച്ഛൻ പഠനകേന്ദ്രം, (2) ദക്ഷിണേന്ത്യൻ സാഹിത്യപഠനകേന്ദ്രം, (3) താരതമ്യസാഹിത്യപഠനകേന്ദ്രം, (4) വിവർത്തന പഠനകേന്ദ്രം, (5) വിദേശഭാഷാ പഠനകേന്ദ്രം, (6) ഭക്തിസാഹിത്യപഠനകേന്ദ്രം (7) ശബ്ദപാഠപദ്ധതി **(അനുബന്ധം - 1 ബി)**എന്നിവ ആരംഭിക്കണമെന്നും അതിനുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ച് അതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ സാമ്പത്തികസഹായത്തിന് അഭ്യർത്ഥിക്കണമെന്നും യോഗം തീരുമാനിച്ചു.

ഇനം നമ്പർ: **2021.53**

വിഷയം: **ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ രജിസ്ട്രാറെ നിയമിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: മലയാളസർവകലാശാലയിലെ രജിസ്ട്രാർ പദവിയിൽ നിന്നും വിടുതൽ നൽകിയ ഡോ. ഷൈജൻ ഡി, ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി ചുമതലയേറ്റതിനെ തുടർന്നുണ്ടായ ഒഴിവിൽ സർവകലാശാലാ പ്രഥമ സ്റ്റാറ്റ്യൂട്ടുകളിലെ അദ്ധ്യായം 2, സ്റ്റാറ്റ്യൂട്ട് 20(3) ന് വിധേയമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരാളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

ഇനം നമ്പർ: **2021.54**

വിഷയം: **സർവകലാശാല വൈസ് ചാൻസലറുടെ ഓഫീസ് / അഡ്മിനിസ്ട്രേഷൻ / ഫിനാൻസ്/ പരീക്ഷാഭവൻ / ലൈബ്രറി എന്നീ വിഭാഗങ്ങളിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന കരാർ ജീവനക്കാരുടെ കരാർ പുതുക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സർവകലാശാല വൈസ് ചാൻസലറുടെ ഓഫീസ് / ഭരണവിഭാഗം / ഫിനാൻസ്/ പരീക്ഷാഭവൻ / ലൈബ്രറി എന്നീ വിഭാഗങ്ങളിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക്, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ഓർഡിനൻസ് 2021 ന്റെ അദ്ധ്യായം-IV, 'അനദ്ധ്യാപക സേവനം' എന്ന തലവാചകത്തിനു താഴെ നൽകിയിട്ടുള്ള പട്ടികയിൽ ബന്ധപ്പെട്ട തസ്തികക്ക് നിശ്ചയിച്ചിട്ടുള്ള നിയമനയോഗ്യതകളും മറ്റ് വ്യവസ്ഥകളും പാലിച്ച് കരാർ പുതുക്കി 09.07.2019 ലെ സർക്കാർ ഉത്തരവു പ്രകാരം അതത് തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള സഞ്ചിതവേതനം നൽകാവുന്നതാണെന്ന് തീരുമാനിച്ചു.

യോഗം ഉച്ചക്ക് 1 മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്